## പതിമൂന്നാം കേരള നിയമസഭ

### പതിനഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.2908 15.12.2015-ൽ മറുപടിയ്ക്ക്

### <u>മാനസിക വെല്ലുവിളി നേരിടുന്ന കുട്ടികൾക്കായുള്ള സ്പെഷ്യൽ സ്കൂളുകൾ</u>

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. ഇ.ചന്ദ്രശേഖരൻ<br>ശ്രീ. വി.ശശി<br>ശ്രീ. ചിറ്റയം ഗോപകുമാർ<br>ശ്രീ. പി.തിലോത്തമൻ** | | **ശ്രീ. പി.കെ. അബ്ദു റബ്ബ്<br>(വിദ്യാഭ്യാസ വകുപ്പ് മന്ത്രി)** | |
| (എ) | മാനസിക വെല്ലുവിളി നേരിടുന്ന കുട്ടികൾക്കായി എത്ര സ്പെഷ്യൽ സ്കൂളുകൾ പ്രവർത്തിക്കുന്നുണ്ട്; | (എ) | മാനസിക വെല്ലുവിളി നേരിടുന്ന കുട്ടികൾക്കായി സംസ്ഥാനത്ത് 302 സ്പെഷ്യൽ സ്കൂളുകൾ പ്രവർത്തിക്കുന്നുണ്ട്. |
| (ബി) | പ്രസ്തുത സ്കൂളുകൾക്ക് ഏതെല്ലാം തരത്തിലുള്ള കേന്ദ്രസഹായങ്ങളാണ് ലഭിച്ചുകൊണ്ടിരിക്കുന്നത്; പ്രസ്തുത സഹായങ്ങൾ ഇപ്പോൾ മുടങ്ങിയിട്ടുണ്ടോ; എങ്കിൽ മുടങ്ങാനുണ്ടായ കാരണങ്ങൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കുമോ ; | (ബി) | ടി വിഭാഗത്തിലെ 50-ഓളം സ്കൂളുകൾക്ക് ദീൻ ദയാൽ റീഹാബിലിറ്റേഷൻ ഡിസേബിൾഡ് സ്കീമിൽ (ഡി ഡി ആർ എസ്) കേന്ദ്ര സഹായം ലഭിക്കുന്നുണ്ട്. 230-ഓളം സ്ഥാപനങ്ങൾക്ക് സംസ്ഥാന സർക്കാരിന്റെ സാമ്പത്തിക സഹായം ലഭിച്ചു വരുന്നു. പ്രസ്തുത സഹായങ്ങൾ മുടങ്ങിയിട്ടില്ല. 2015-2016 വർഷത്തെ കേന്ദ്ര സഹായത്തിനുള്ള ഓൺ-ലൈൻ അപേക്ഷകൾ സംബന്ധിച്ച് തുടർനടപടി സ്വീകരിച്ചു വരുന്നു. |
| (സി) | ഒരു കുട്ടിക്ക് പ്രതിമാസം പരമാവധി എത്ര തുക വീതം കേന്ദ്രസഹായമായി ലഭിക്കുന്നുണ്ടെന്ന് വെളിപ്പെടുത്തുമോ ? | (സി) | സാമൂഹ്യ നീതി വകുപ്പ് മുഖാന്തിരമാണ് കേന്ദ്ര സഹായം വിതരണം നടത്തുന്നത് എന്നതിനാൽ പൊതുവിദ്യാഭ്യാസ വകുപ്പിൽ ഇതു സംബന്ധിച്ച് കൃത്യമായ വിവരം ലഭ്യമല്ല. ടി വകുപ്പിനോട് വിവരം ലഭ്യമാക്കാൻ നിർദ്ദേശം നൽകിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ